(ബി) അവരുടെ ഇടയിൽ തൊഴിലില്ലായ്മ ഉണ്ടാകാൻ അത് കാരണമാകുമെന്ന് ഗവൺമെന്റിനറിയാമോ;

(സി) ഇപ്പോഴത്തെ പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരിക്കുന്നവരുടെ പരീക്ഷാ യോഗ്യതകളും ശമ്പളസ്കെയിലും എന്താണ്;

(ഡി) അതിനൊരു പരിഹാരമായി ഇപ്പോഴത്തെ തേർഡ് ഇയർ വിദ്യാർത്ഥികൾക്ക് കൂടി പി. എസ്. സി.യുടെ ഇപ്പോഴത്തെ അപേക്ഷകരുടെ കൂട്ടത്തിൽ അപേക്ഷിക്കാൻ സൗകര്യം നൽകുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജിൽ 260–600 രൂപാ സ്കെയിലിൽ ഫാർമസിസ്റ്റ് തസ്തിക കുറച്ചു കാലമായി ഒഴിവായി കിടക്കുന്നതും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തുന്നതിന് നടപടിയെടുത്തിട്ടുള്ളതുമാകുന്നു. ടി തസ്തിക കുറച്ചുകാലമായി ഒഴിഞ്ഞു കിടക്കുന്നതുകൊണ്ടും ബി. ഫാം. കോഴ്സ് പഠിക്കുന്നവർക്ക് ഇനിയും രണ്ടു വർഷത്തെ കോഴ്സ് ബാക്കിയുള്ളതുകൊണ്ടും ടി നടപടി എടുത്തിട്ടുള്ളത് ശരിയാണെന്ന് കാണാവുന്നതാണ്.

(ബി) ഈ തസ്തികയിൽ നിയമനം നടത്തിയതുകൊണ്ട് തൊഴിലില്ലായ്മ ഉണ്ടാകാൻ കാരണമാകുമെന്ന് തോന്നുന്നില്ല. ബി. ഫാർമസി പാസ്സായിട്ടുള്ളവർക്ക് തൊഴിൽ ഇല്ലാത്ത സ്ഥിതി ഇപ്പോൾ ഉണ്ടോ എന്ന് സംശയമാണ്.

(സി) ഇപ്പോൾ പി. എസ്. സി. അപേക്ഷ ക്ഷണിച്ചിരിക്കുന്നവരുടെ പരീക്ഷാ യോഗ്യത:—

ബി. ഫാർമസി അല്ലെങ്കിൽ ഫാർമസിയിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലമോ അല്ലെങ്കിൽ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിൽ ഒന്നാം ക്ലാസിലോ രണ്ടാം ക്ലാസിലോ ഉള്ള എം. എസ്സ്.സി. ബിരുദം.

ശമ്പളസ്കെയിൽ 260–600 രൂപാ.

(ഡി) ഇപ്പോഴത്തെ മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാനുള്ള യോഗ്യത ഇല്ലാത്തതുകൊണ്ട് അവർക്കു കൂടെ അപേക്ഷിക്കുവാൻ സൗകര്യം നൽകുന്നത് സാദ്ധ്യമാകുമോ എന്ന് സംശയമുണ്ട്.

ബി. ഫാം. കോഴ്സ്

8 [24] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബി. ഫാം. കോഴ്സിൽ ഇപ്പോൾ എത്ര കുട്ടികൾ പഠിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അവിടെ എത്ര ബാച്ചുകളുണ്ട്, ഓരോ ബാച്ചിലും എത്ര വിദ്യാർത്ഥികൾ വീതമുണ്ട്, ആണെത്ര?, പെണ്ണെത്ര;

(സി) ഇവർക്ക് ഓരോ വർഷവും പ്രാക്ടിക്കൽ ഉണ്ടോ; പ്രാക്ടിക്കലിനും തിയറിക്കും നിശ്ചയിച്ചിട്ടുള്ള സമയ പരിധി എത്രവീതമാണ്;

(ഡി) അവർക്ക് പ്രാക്ടിക്കൽ നടത്തുന്നതിനായി പ്രത്യേകമായി ലാബറട്ടറി സ്ഥാപിച്ചിട്ടുണ്ടോ;

(ഇ) മൂന്നാം വർഷക്കാരുടെ ലാബറട്ടറി എവിടെയാണ്; ഇവർക്ക് പ്രത്യേകമായി എല്ലാ വിധ ആധുനിക സജ്ജീകരണങ്ങളുമുള്ള ഒരു ലാബറട്ടറി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ബി. ഫാം. കോഴ്സിന് ഈ കോളേജിൽ ആകെ 73 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) പ്രസ്തുത കോഴ്സിന് ഇപ്പോൾ ആകെ മൂന്ന് ബാച്ചുകൾ ഉണ്ട്. ഓരോ ബാച്ചിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെ വിശദമായി കൊടുത്തിരിക്കുന്നു.

	ആണ്	പെണ്ണ്	മൊത്തം
ഒന്നാം ബാച്ച്	18	6	24
രണ്ടാം ബാച്ച്	22	3	25
മൂന്നാം ബാച്ച്	16	8	24
	56	17	73

(സി) അതാതുവർഷങ്ങളിൽ പഠിക്കുന്ന വിഷയങ്ങളിൽ ഇംഗ്ലീഷും മാത്തമാറ്റിക്സും ഒഴികെയുള്ള എല്ലാ വിഷയങ്ങൾക്കും പ്രാക്ടിക്കൽ ഉണ്ട്. അവയിൽ ഓരോ വിഷയത്തിനേറയും പ്രാധാന്യം അനുസരിച്ച് ഒരാഴ്ചയിൽ രണ്ടുമുതൽ ആറുവരെ മണിക്കൂർ പ്രാക്ടിക്കലിനും മൂന്നു മുതൽ ആറു വരെ മണിക്കൂർ തിയറിക്കും സമയം നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ബി. ഫാം. കോഴ്സിന് നിശ്ചയിച്ചിട്ടുള്ള വിഷയങ്ങളിൽ മെഡിക്കൽ കോളേജ്, എഞ്ചനീയറിംഗ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ പാഠ്യവിഷയങ്ങൾ ആണ്. അതിനാൽ ബി. ഫാം. കോഴ്സിനുള്ള കുട്ടികൾ യൂണിവേഴ്സിറ്റി കോളേജ്, എഞ്ചനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. ഓരോ വിഷയങ്ങൾക്കും അതാതു കോളേജിലെ ലാബറട്ടറികൾ പ്രാക്ടിക്കലിന് ഉപയോഗിച്ചുവരികയാണ്. ആയതിലേക്ക് പ്രത്യേക ലാബറട്ടറികൾ ആരംഭിച്ചിട്ടില്ല.

(ഇ & എഫ്) മൂന്നാം വർഷത്തിൽ പഠിപ്പിക്കേണ്ട വിഷയങ്ങളിൽ മുഖ്യമായവ മെഡിക്കൽ കോളേജിലെ പാഠ്യവിഷയങ്ങളാണ്. അത്തരം വിഷയങ്ങളുടെ പ്രാക്ടിക്കലിനായി മെഡിക്കൽ കോളേജിലെ ഫാർമക്കോളജി ഡിപ്പാർട്ടുമെൻറിൽ വേണ്ടത്ര സൗകര്യമുണ്ട്. അതിനാൽ മൂന്നാം വർഷ കോഴ്സിന് ഈ കോളേജിലെ ലാബറട്ടറികൾ തന്നെയാണ് ഉപയോഗിക്കുന്നത്.

ബി. ഫാം. കോഴ്സിൻെറ പാഠ്യവിഷയങ്ങൾ

9 (25) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബി. ഫാം. കോഴ്സിനുള്ള പാഠ്യവിഷയങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതേ സിലബസുകൾ തന്നെയാണോ മദിരാശി, മധുര എന്നീ യൂണിവേഴ്സിറ്റികളിലെ ബി. ഫാം. കോഴ്സിനും ഉള്ളത്;

(സി) ഇവിടുത്തേതിൽ നിന്ന് വ്യത്യാസമുണ്ടെങ്കിൽ അത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly